II ഇ.ബി. XIII- കേരള നിയമസഭ/XVI-6

# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ഫെബ്രുവരി 18, വ്യാഴം

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ അഴിമതിയാരോപണ വിധേയരായ മന്ത്രിമാർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം അവരവരുടെ ഇരിപ്പിടങ്ങളിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിക്കുകയും അൽപസമയത്തിനുശേഷം നിശബ്ദരാവുകയും ചെയ്തു.)

15 (*211) രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന പദ്ധതി

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പതിനൊന്ന് വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെ ആർ.എസ്.ബി.വൈ. പദ്ധതിയുടെ ഗുണഭോക്താക്കളായി പരിഗണിക്കുന്നുണ്ടെന്നും പദ്ധതിയിൽ

അംഗമാകുന്നതിനുവേണ്ടി ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് എൻറോൾമെന്റ് നടത്തി ആരോഗ്യ കാർഡ് നൽകിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. പദ്ധതി പ്രകാരം സമൂഹത്തിന്റെ താഴെത്തട്ടിലുള്ള അസംഘടിത മേഖലയിലെ ജനവിഭാഗങ്ങളുടെ സാമൂഹിക സുരക്ഷയും ആരോഗ്യ സംരക്ഷണവും ലക്ഷ്യമിട്ടുകൊണ്ട് ഒരു കുടുംബത്തിലെ അഞ്ച് അംഗങ്ങൾക്ക് പ്രതിവർഷം 30,000 രൂപയുടെ സൗജന്യ ചികിത്സാ സഹായം നൽകിവരുന്നുണ്ട്. ചിസ് പദ്ധതിയിൽ ഉൾപ്പെടാത്ത വിവിധ ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ/പെൻഷൻകാർ/എസ്.സി.-എസ്.ടി. ഉൾപ്പെടെ 28 വിഭാഗങ്ങളിലെ മുഴുവൻ കുടുംബങ്ങളെയും പദ്ധതിയുടെ ഗുണഭോക്താക്കളാക്കിയിട്ടുണ്ട്. പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ഉന്നതാധികാര മേൽനോട്ട സമിതിയും പദ്ധതി നടത്തിപ്പിനായി "ചിയാക്" എന്ന നോഡൽ ഏജൻസിയും തർക്കങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന/ജില്ലാ പരാതി പരിഹാര സമിതികളും രൂപീകരിച്ചിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള സ്മാർട്ട് കാർഡ് മൂന്ന് വർഷത്തിലൊരിക്കൽ പുതുക്കിയാൽ മതിയെന്ന സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

16 (*212) പീപ്പിൾസ് ഓൺ ടൂറിസം പദ്ധതി

പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) നൽകിയ മറുപടിയിൽ, ഒരു പ്രദേശത്തിന്റെ ടൂറിസം വികസന സാധ്യതകൾ ജനകീയമായി കണ്ടെത്തി റിസോഴ്സ് മാപ്പിംഗ് വഴി അത്തരം പ്രദേശങ്ങളെ പരസ്പരബന്ധിതമായി വളർത്തിക്കൊണ്ടുവരിക; തദ്ദേശ ജനവിഭാഗങ്ങൾക്ക് ടൂറിസം വികസനത്തിന്റെ ഗുണഫലങ്ങൾ ലഭ്യമാകുന്ന വിധത്തിൽ ചെറുതും വലുതുമായ ടൂറിസം സംരംഭങ്ങളെ പ്രാദേശികമായി വികസിപ്പിക്കുക; തദ്ദേശവാസികൾക്ക് ടൂറിസം അനുബന്ധമായ വിവിധ തൊഴിൽ പരിശീലനങ്ങൾ ലഭ്യമാക്കുക; തദ്ദേശീയമായ ഉത്സവങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, പരമ്പരാഗത തൊഴിലുകൾ എന്നിവയ്ക്ക് ഊന്നൽ നൽകി വ്യത്യസ്തവും നൂതനവുമായ ടൂർ പാക്കേജുകൾ വികസിപ്പിച്ച് ടൂറിസ്റ്റുകൾക്ക് അനുഭവവേദ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ ഗവൺമെന്റ് 'പീപ്പിൾസ് ഓൺ ടൂറിസം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും സംസ്ഥാനത്തെ 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ ഘട്ടങ്ങളിലായി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതാണെന്നും സഭയെ അറിയിച്ചു. അഞ്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം ആരംഭിക്കുകയും ഏഴ് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിൽക്കൂടി പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. 2015-16 സാമ്പത്തിക വർഷം പദ്ധതിക്കായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വെള്ളിനേഴി കലാഗ്രാമത്തിന്റെ തുടർ വികസനത്തിനും വെള്ളിയാംകല്ല് ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട വികസനത്തിനും പണം അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. 100 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 'നിള' റൂറൽ ടൂറിസം പദ്ധതിയുടെ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കൊട്ടിയൂരിൽ ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നത് സംബന്ധിച്ചും പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഗ്രാമീണ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള സാധ്യത സംബന്ധിച്ചും പരിശോധിക്കുന്നതാണ്. ഗ്രാമീണ ടൂറിസത്തിന്റെ ഭാഗമായി ഫിഷിംഗ് ടൂറിസം പ്രമോട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സീ പ്ലെയിൻ പദ്ധതിയുമായി മുന്നോട്ട് പോകുന്നതാണ്. നവീകരണം പൂർത്തിയായ ആക്കുളം ടൂറിസ്റ്റ് വില്ലേജിനെ 'പീപ്പിൾസ് ഓൺ ടൂറിസ'ത്തിൽ ഉൾപ്പെടുത്താനാകുമോയെന്ന് പരിശോധിക്കുന്നതാണെന്നും ജഡായു ടൂറിസം പദ്ധതിയോടനുബന്ധിച്ചുള്ള ചെറുകിട ടൂറിസം പദ്ധതികൾക്ക് ആവശ്യമായ പിന്തുണ നൽകുന്നതാണെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2275 മുതൽ 2570 വരെയുള്ള ചോദ്യങ്ങളിൽ 32 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *